# പള്ളികഥകൾ

## മിനികഥകൾ നാല്പത്തിയാറ്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫച്ചൻ ഇന്ന് വൈ ദിസ് കൊലവറി, വൈ ദിസ് കൊലവറി എന്ന പാട്ടും പാടിയാണ് വന്നത്. സഭയിലെ ഒരച്ചൻ ഇത്തരം പാട്ടുപാടുമോയെന്ന്.സംശയിച്ചേക്കാം. കൂട്ടത്തിൽ എന്റെ ഏറ്റവും അടുത്ത ഒരു സുഹൃത്തച്ചനേകേട്ടിരിപ്പുണ്ട്. അപ്പോൾ ഞാൻ കള്ളമല്ലല്ലോ പറയുന്നത്. ജോസഫച്ചന്റെ ഒരു സഹൃത്തച്ചന്റെ പള്ളിയിൽ നടന്ന സംഭവമാണിത്.

## വൈ ദിസ് കൊലവറി:

അമേരിക്കയിലെ ഒരു പള്ളിയിലെ വികാരിയച്ചനാണ് ഗീവർ്ഗീസ് അച്ചൻ. ദീഘ്കാലമായി അദ്ദേഹം ആ പള്ളിയിലെ വികാരിയായി സേവനം അനുഷ്ഠിച്ചു വരികയാണ്.

ആ പള്ളിയിലെ വളരെയധികം പ്രായം ചെന്ന ഒരച്ചായനും അമ്മച്ചിയും, അച്ചായന് ഏകദേശം എണ്പത്തി രണ്ടു വയസു പ്രായമുണ്ട്. അമ്മച്ചിക്കും അതിനോടടുത്ത പ്രായമുണ്ട്. രണ്ടു പേരേയു കണ്ടാൽ അത്രയും തോന്നത്തില്ല. എടുപ്പിലും നടപ്പിലും നല്ല ഗാംഭീര്യമുണ്ട് അച്ചായന്. അമ്മച്ചിക്കും അതുപോലെ തന്നെ.

ഈ പള്ളിയിൽ ഒരിക്കൽ കേരളത്തിൽ നിന്ന് ഒരു മെത്രാച്ചൻ വന്നു. സാധാരണ ഇങ്ങിനെ മെറതാച്ചന്മാർ വരുന്നത് പിരിവിനാണ്; അല്ലാതെ സാധാരണ ജനങ്ങളെയാരേയും സ്വർ്ഗത്തിൽ കയറ്റാനായിട്ടല്ലന്ന് എല്ലാവക്കുമറിയാം. ഈ മെത്രാച്ചനും ഇതുപോലെ പിരിവിന് വന്നതാണ്.

നമ്മുടെ ഗീവർ്ഗീസച്ചനും ഈ അച്ചായനും തമ്മിൽ നല്ല സൗഹൃദബന്ധത്തിലാണ്. എപ്പോൾ തമ്മിൽ കണ്ടാലും പരസ്പരം തമാശകൾ പറഞ്ഞും കളിച്ചും ചിരിച്ചുമാണ് കഴിയാറുള്ളത്.

അച്ചായനും അമ്മച്ചിയും സാധാരണ രാത്രി രണ്ടു മണിക്കാണ് കിടക്കാറുള്ളത്. തന്മൂലം കാലത്ത് പത്തു മണിക്കേ എഴുന്നേൽക്കാറുള്ളു. അതിന് കാരണവും ഉണ്ട്: ഇവക്ക് രണ്ടു പേക്കും ജോലിയുണ്ടായിരുന്ന കാലത്ത് അവർ ഉച്ചയ്ക്കുള്ള ജോലിക്കു പോയാൽ രാത്രി ഒരു മണിക്കാണ് മടങ്ങി വരാറുള്ളത്. പിന്നീട് കുളിയും പ്രാഥ്നയും എല്ലാം കഴിഞ്ഞ് കിടക്കാൻ ചെല്ലുമ്പോൾ രണ്ടു മണിയാകും ഇങ്ങിനെ ദീഘ്കാല പരിചയമായതിനാൽ റിട്ടയാർ ആയതിനു ശേഷവും അതു തന്നെ തുടന്നു.

അച്ചായൻ കാലത്ത് എഴുന്നേറ്റു വരുന്ന സമയത്തിനടുത്തു തന്നെ അമ്മച്ചി എഴുന്നേറ്റ് ചായയിട്ടു വെക്കും. രണ്ടു പേരും ചായ കുടിച്ചാലുടനെ എലിവാണം വിട്ടതുപോലെ ഒരൊട്ടമാണ്. ആ വീട്ടിലെ ഏറ്റവും ചെറിയ മുറിയിലേക്ക്. അവർ രണ്ടു പേരും മലമൂത്ര വിസജ്ജനം നടത്തിക്കൊണ്ടിരിക്കുമ്പോൾ ആരെങ്കിലും ഫോൺ ചെയ്താൽ രണ്ടു പേരും ആ കഠിനപ്രയത്നത്തിനിടയിൽ വായിൽ വരുന്ന നല്ല ഭാഷ നല്ല ഉച്ചത്തിൽ തന്നെ പറയും. ആ വീട്ടിൽ അവർ രണ്ടു പേരും മാത്രമേയുള്ളു. അമ്മച്ചിയുടെ നല്ല ഭാഷ കേൾക്കുമ്പോൾ ''ഇവൾക്ക് ഇത്രയും പറയാൻ തക്ക നല്ല വിദ്യാഭ്യാസമുണ്ടല്ലോ'' എന്നു പറയും. അത്രയ്ക്കു നല്ല ഭാഷയാണ് പറയുന്നത്.

ഇവക്ക് ജോസ് എന്ന ഒരൊറ്റ മകനേയുള്ളു. അയാൾ ഇവർ താമസിക്കുന്നതിന്റെ തൊട്ടടുത്താണ് വീട് വാങ്ങി താമസിക്കുന്നത്. ഒരിക്കൽ അയാൾ ഭാര്യയുമായി വഴക്കുണ്ടാക്കി അപ്പന്റേയും.അമ്മയുടേയും അടുത്ത് ഒരുരാത്രി കഴിഞ്ഞു. പിറ്റേ ദിവസം അയാൾ കാലത്ത് ചായ കുടിച്ചുകൊണ്ടിരുന്നപ്പോൾ, അപ്പനും അമ്മയും ഇതുപോലെ കൃത്യം നടത്തികൊണ്ടിരിക്കുമ്പോൾ ആരോ ഫോൺ ചെയ്തതും അപ്പനമ്മയും കൂടി രണ്ടു വശത്തു നിന്നും ഭാഷ പ്രയോഗിച്ചതും കേട്ട് അയാൾ ഓടിയിട്ട് അയാളുടെ വീട്ടിൽ ചെന്നപ്പോൾ അയാളുടെ പാന്റു നിറയെ കാര്യങ്ങൾ സാധിച്ച് കിടപ്പുണ്ടായിരുന്നു എന്നും അതിൽ പിന്നീട് ഒരിക്കലും അയാൾ ഭാര്യയോട് വഴക്കുണ്ടാക്കിയിട്ടില്ലന്നും അപ്പന്റേയും അമ്മയുടേയും അടുക്കൽ പോയി രാത്രി കിടന്നിട്ടില്ലന്നും പറയുന്നു.

വാദ്ധ്യക്യകാലത്ത് അപ്പന്റേയും.അമ്മയുടേയും.ജീവിതവും അമേരിക്കൻ സ്റ്റൈലിലുള്ള വസ്ത്രധാരണവും കണ്ട് ജോസ്മോൻ വെരെ അസൂയപ്പെട്ടിട്ടുണ്ട്. ''അച്ചാ എന്റെ അമ്മച്ചി സുന്ദരിയാണ്'' ഒരിക്കൽ ജോസുമോൻ അച്ചനോടു പറഞ്ഞു. ''അച്ചായനും പരമസുന്ദരനാണല്ലോ'' അച്ചൻ പ്രതിവചിച്ചു.

ഇങ്ങിനെയിരിക്കവേയാണ്: ഒരിക്കൽ അച്ചായനും അമ്മച്ചിയും കൂടെ കാലത്ത് ചായകുടി കഴിഞ്ഞ് കഠിനപ്രയത്നത്തിലിരിക്കുമ്പോൾ ആരോ കതകിൽ പലപ്രാവശ്യം ''ണിം, ണിം, ണിം'' എന്നടിച്ചതും ഒപ്പം ഫോൺ ബെല്ലടിക്കുകയും. അച്ചായനും അമ്മച്ചിക്കും കലശലായ ദേഷ്യം വന്നു. ''ഏതവനാണെടാ ഡോർ ബല്ല് തല്ലിപ്പൊട്ടിക്കുന്നത്.'' പിന്നെ രണ്ടു പേരുടേയും വായിൽ വന്ന നല്ല വാക്കുകളുടെ പ്രവാഹമായിരുന്നു. ഇവർ പറയുന്നതു മുഴുവനും വെളിയിൽ നിൽക്കുന്നവക്ക് നല്ലതുപോലെ കേൾക്കാം. മുൻവശത്തെ കട്ടൻ ഒന്നു പാളിച്ചു നോക്കിയിട്ട്, അച്ചനെ കൈ കാണിച്ചിട്ട് അച്ചായൻ അകത്തേക്ക് പോയി. വളരെനേരം കഴിഞ്ഞു അച്ചായൻ മടങ്ങി വരാൻ. അതിനിടയിൽ അമ്മച്ചി കാര്യങ്ങൾ എല്ലാം ഒരു വിധത്തിൽ സാധിച്ചിട്ട് വന്ന് കതകു തുറന്നിട്ട് അവരോട് അകത്തിരിക്കാൻ പറഞ്ഞിട്ട് അവർ തുടങ്ങി ''എന്റെ അച്ചാ ഇങ്ങിനെ ആ ബല്ലേൽ കിടന്ന് അടിച്ചാൽ അത് കേടായി പോകത്തില്ലേ ഇത്രയ്ക്ക് അടിക്കാൻ താല്പര്യമെങ്കിൽ വീട്ടിൽ ഒന്നിനെ കെട്ടിയിട്ടിട്ടില്ലേ. അവിടെ കഴിഞ്ഞിട്ട് ഇങ്ങോട്ടു വന്നാൽ മതിയായിരുന്നല്ലോ.''

അച്ചനും മെത്രാച്ചനും കൂടി വന്നതാണ്. മെത്രാച്ചന്റെ മുൻപിൽ വെച്ചാണ് അമ്മച്ചി കസറിയത്. അല്പം കഴിഞ്ഞപ്പോൾ അമേരിക്കൻസ്റ്റൈലിൽ ഒരു നിക്കറും.ഇട്ടോണ്ട് അച്ചായൻ വന്നു. ആജാനബാഹുവായ അച്ചായനെ കണ്ടപ്പോൾ മെത്രാച്ചൻ അറിയാതെ എഴുന്നേറ്റുപോയി.

''എന്റെയച്ചാ, അച്ചന്റെ കയ്യിൽ ഫോണില്ലേ, ഇങ്ങോട്ടു വരുന്നതിന് മുൻപ് ഒന്നു പറഞ്ഞിട്ടു വരാൻ വയ്യായിരുന്നോ? ഞങ്ങൾ രണ്ടു പേരും മാത്രം താമസിക്കുന്നിടമാണെന്ന് അറിയാൻ വയ്യായിരുന്നോ? അതുപോലെ ആ ഡോർ ബെല്ലേൽ ഇത്രയും നേരം അച്ചന്റെ ആരോഗ്യം കളഞ്ഞാൽ, അതു കേടായ് പോയാൽ ആര് ശരിയാക്കി തരും''

അന്നേരമാണ് മെത്രാച്ചൻ അദ്ദേഹത്തിന്റെ ഭദ്രാസനത്തിന്റെ ദുരിതത്തിന്റെ ഭാണ്ഡക്കെട്ടഴിക്കുന്നത്. അച്ചായൻ വളരെ ക്ഷുഭിതനായി. വഷങ്ങൾക്കുമുമ്പ് മെത്രാച്ചനെ കാണാൻ അരമനയിൽ പലപ്രാവശ്യം പോയശേഷമാണ് ഒന്നു മുഖം കാണിച്ചത്. മകൻ ജനിച്ചപ്പോൾ അവന്റെ പേര് വറീതെന്നും ജന്മതീയതി കൊടത്തതും പിന്നീട് സ്വന്ത അനുജൻ പള്ളിക്കൂടത്തിൽ അവനെ ചേക്കാൻ പോയപ്പോൾ വ്യത്യസ്ഥമായ തീയതിയാണ് കൊടുത്തത്. പിന്നീട് മകന് അമേരിക്കയിൽ പോകാനായ് പാസ്പോട്ട് എടുക്കാൻ നേരം സ്കൂളിലെ പേരും ജനനത്തീയതി പോലെയും എഴുതിതരണമെന്നാവശ്യപ്പെട്ട് വികാരിയച്ചന്റെയടുക്കൽ ചെന്നപ്പോൾ ഒക്കത്തില്ലന്നു പറഞ്ഞപ്പോൾ കണ്ണീരോടുകൂടി ഈ മെത്രാച്ചന്റെയടുക്കൽ ചെന്നപ്പോൾ ലോപോയിന്റ പറഞ്ഞ് തന്നെ ഈ മെത്രാച്ചൻ ആട്ടി ഓടിച്ചതാണ്. ''ഇങ്ങേക്ക് ഞാൻ കാൽ കാശു തരത്തില്ല'' ഇത്രയും പറഞ്ഞതും കുഴഞ്ഞു വീണു മരിച്ചതും ഒരിമിച്ച്.